# കേരള സർക്കാർ

നം.57233/ഡിഎ1/2013/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡിഎ)വകുപ്പ്,
തിരുവനന്തപുരം , തീയതി: **30.09.2013.**

## സർക്കുലർ

വിഷയം:-പദ്ധതി രൂപീകരണ നടപടികളുമായി ബന്ധപ്പെട്ട സംസ്ഥാനതല അപ്പീൽ കമ്മിറ്റിയുടെ പ്രവർത്തനം-നിർദ്ദേശം നൽകുന്നത്-സംബന്ധിച്ച്.

സൂചന:-1)14.05.2013 ലെ സ.ഉ.(എം.എസ്) നമ്പർ 174/13/തസ്വഭവ.

2)25.09.2013 ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.6 നമ്പർ തീരുമാനം.

ജില്ലാ പഞ്ചായത്തിന്റേയും കോർപ്പറേഷന്റേയും വെറ്റിംഗ് ഓഫീസർമാർ നിരസിക്കുന്ന പ്രോജകക്ടുകളും ജില്ലാതല അപ്പീൽ കമ്മിറ്റികൾ നിരസിക്കുന്ന പ്രോജകക്ടുകളമാണ് സൂചനയിലെ ഉത്തരവു പ്രകാരം രൂപീകരിച്ച പദ്ധതി രൂപീകരണ നടപടികളുമായി ബന്ധപ്പെട്ട സംസ്ഥാലതല അപ്പീൽ കമ്മിറ്റി പരിഗണിക്കേണ്ടത്. പ്രോജക്ട് നിരസിക്കുന്ന ഉദ്യോഗസ്ഥന്മാരും കമ്മിറ്റികളും അതിനുള്ള കൃത്യമായ കാരണം പ്രോജക്ടിൽ നിർദ്ദിഷ്ട സ്ഥാനത്ത് ചുരുക്കത്തിൽ രേഖപ്പെടുത്തേണ്ടതാണ്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധം, അപ്രായോഗികം എന്നിങ്ങനെ പൊതുവായ കാരണങ്ങൾ രേഖപ്പെടുത്താൻ പാടില്ല. അപ്പീൽ സമർപ്പിക്കുന്നതിനുള്ള കാരണം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും വ്യക്തമാക്കേണ്ടതാണ്. സംസ്ഥാനതല അപ്പീൽ കമ്മിറ്റിയുടെ പ്രവർത്തനത്തിനാവശ്യമായ സഹായം സ്റ്റേറ്റ് റിസ്സോഴ്സ് ഗ്രൂപ്പിൽ നിന്നും ഉണ്ടാകേണ്ടതാണ്. സംസ്ഥാനതല അപ്പീൽ കമ്മിറ്റിയുടെ യോഗങ്ങളിൽ കൃത്യമായും നിയുക്ത ഓഫീസർമാർ സ്വയം പങ്കെടുക്കേണ്ടതാണ്. പ്രതിനിധികളെ യാതൊരു കാരണവശാലും പങ്കെടുപ്പിക്കുന്നതല്ല. മേൽ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

സി.വൽസല
ജോയിന്റ് സെകട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

1.എല്ലാ അംഗങ്ങൾക്കും.
2.പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3.ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
4.സംസ്ഥാന പ്ളാനിംഗ് ബോർഡ്
5.ഐ.കെ.എം
6.കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ.
7.സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസർ.
കതുതൽ ഫയൽ/ഓഫീസ് കോപ്പി.